# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **10-10-2024 - ൽ മറുപടിയ്ക്ക്**

## അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റം നടപ്പിലാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന്റെ അനുപാതം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടും 2024-25 അധ്യയന വർഷത്തിലെ അന്തർ ജില്ലാ സ്ഥലം മാറ്റം ഇതേവരെ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ; | (എ) | 23.05.2024 തീയതിയിലെ സ.ഉ(കൈ) നം 50/2024/ പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 2020-21, 2021-22 കാലയളവിൽ അപേക്ഷിച്ചവരിൽ യഥാക്രമം 57% പേർക്കും, 37% പേർക്കും മാത്രമേ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളൂ എന്നത് കണക്കിലെടുത്തും, 02.12.1991 തീയതിയിലെ സ.ഉ. (പി) നം.36/91/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിൽ ഇളവ് നൽകി, പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം, **ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി നിയമനത്തെ ബാധിക്കാതെ**, നിലവിലെ 10% എന്നത് എൽ.പി./ യു.പി സ്കൂൾ അധ്യാപകർക്ക് 20%വും ഹൈസ്കൂൾ അധ്യാപകർക്ക് 15%വും ആയി നിജപ്പെടുത്തി ഉത്തരവായിരുന്നു.<br><br>പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ ചില കാര്യങ്ങളിൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി. തുടർന്ന്, JA3/293/2024/പൊ.വി.വ. തീയതി 30/09/2024 നമ്പർ കത്ത് പ്രകാരം 23.05.2024 തീയതിയിലെ സ.ഉ(കൈ) നം 50/2024/പൊ.വി.വ സർക്കാർ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അദ്ധ്യാപകരുടെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും വരും വർഷങ്ങളിൽ സ്കൂൾ തുറക്കുന്നതിന് മുൻപായി ഏപ്രിൽ-മേയ് മാസങ്ങളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം, ഒഴിവുകൾ നിജപ്പെടുത്തി മധ്യവേനലവധിക്കാലത്ത് ഓൺലൈൻ മുഖേനയാണ് നടത്തുന്നത്. തുടർന്ന് സ്ഥാനക്കയറ്റവും നടത്തുന്നുണ്ട്. ആയതിനുശേഷം അദ്ധ്യയന വർഷത്തിനിടയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഹയർ ഓപ്ഷൻ മുഖേന സ്ഥലംമാറ്റം നൽകി വരുന്നുണ്ട്. തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചതിന് ശേഷമാണ് |

| | | | |
|---|---|---|---|
| | | | അന്തർജില്ലാ സ്ഥലംമാറ്റ നടപടികൾ ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ